# FINAL ANSWER KEY

| | |
|---|---|
| Question Paper Code: | 114/2026/OL |
| Category Code: | 421/2025 |
| Exam: | Boat Lascar |
| Date of Test | 04-06-2026 |
| Department | Kerala State Water Transport |
| Language: | Malayalam |

Question1:-ദേശീയ കപ്പലോട്ട ദിനം എന്നാണ് ?

A:-ജനുവരി 1

B:-ഏപ്രിൽ 1

C:-ഏപ്രിൽ 5

D:-നവംബർ 1

Correct Answer:- Option-C

Question2:-ഇന്ത്യയുടെ ആദ്യ വനിതാ രാഷ്ട്രപതി

A:-ദ്രൗപദി മുർമ്മു

B:-ഇന്ദിരാഗാന്ധി

C:-പ്രതിഭ പാട്ടിൽ

D:-വിജയലക്ഷ്മി പണ്ഡിറ്റ്

Correct Answer:- Option-C

Question3:-കൊച്ചിയിലെ ‘വെല്ലിംങ്ങ്ടൻ ഐലന്റ്’ എന്ന ദ്വീപ് പണികഴിപ്പിച്ചതാരാണ് ?

A:-സർ റോബർട്ട് ബ്രിസ്റ്റോ

B:-വെല്ലസ്ലി പ്രഭു

C:-വാസ്കോഡി ഗാമ

D:-ശ്രീചിത്തിര തിരുനാൾ

Correct Answer:- Option-A

Question4:-ഒരു ജലവാഹനത്തിന്റെ ഏറ്റവും മുൻഭാഗത്തെ എന്താണ് വിളിക്കുന്നത് ?

A:-അണിയം

B:-പ്രധാന ഡക്ക് (Main deck)

C:-പോർട്ട്

D:-അമരം

Correct Answer:- Option-A

Question5:-വൃത്താകൃതിയിൽ വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന ജീവൻ രക്ഷാ ഉപകരണം

A:-ലൈഫ് ജാക്കറ്റ്

B:-ലൈഫ് ബോയ്

C:- ലൈഫ് റാഫ്റ്റ്

D:- ലൈഫ് ബോട്ട്

Correct Answer:- Option-B

Question6:-ബോട്ടിന്റെ വലതുവശത്ത് ഏത് നിറത്തിലുള്ള ലൈറ്റാണ് പ്രദർശിപ്പിക്കുന്നത് ?

A:-ചുവപ്പ്

B:-പച്ച

C:-മഞ്ഞ

D:-നീല

Correct Answer:- Option-B

Question7:-ബോട്ടുകളുടേയും കപ്പലുകളുടേയും ഗതി നിയന്ത്രിക്കാൻ ഉപയോഗിക്കുന്നത്

A:-പ്രൊപ്പല്ലർ (Propeller)

B:-ചുക്കാൻ/റഡ്ഡർ

C:-കീൽ (Keel)

D:-ഹൾ (Hull)

Correct Answer:- Option-B

Question8:-SART ന്റെ പൂർണ്ണ രൂപം

A:-Search and Rescue Transponder

B:-Search and Rescue Transport

C:-Search and Rescue Service

D:-Search and Rescue Team

Correct Answer:- Option-A

Question9:-കയറിന്റെ അറ്റം അഴിഞ്ഞുപോകാതെ നിലനിർത്തുന്നതിന് ചുവടെ കൊടുത്തിരിക്കുന്നതിൽ ഏത് ഉപയോഗിക്കുന്നു ?

A:-വിപ്പിംഗ്

B:-ബിൽജ്

C:-ഫണൽ

D:-വീൽഹൗസ്

Correct Answer:- Option-A

Question10:-സംസ്ഥാന തുറമുഖ വകുപ്പ് മന്ത്രി

A:-സി. പി. ജോൺ

B:-വി. ഡി. സതീശൻ

C:-അനൂപ് ജേക്കബ്

D:-പി. കെ. കുഞ്ഞാലിക്കുട്ടി

Correct Answer:- Option-B

Question11:-ജലവാഹനത്തിന്റെ വലതുഭാഗത്തെ ____________ എന്നു പറയുന്നു.

A:-സ്റ്റേൺ

B:-സ്റ്റെം

C:-പോർട്ട് സൈഡ്

D:-സ്റ്റാർബോർഡ് സൈഡ്

Correct Answer:- Option-D

Question12:-ജലയാനം യാത്ര ചെയ്യുമ്പോൾ പ്രദർശിപ്പിക്കേണ്ട ലൈറ്റുകൾ ഏതെല്ലാം ?

A:-ഹെഡ്ലൈറ്റ് മുന്നോട്ട്

B:-സൈഡ് ലൈറ്റുകൾ

C:-സ്റ്റേൺ ലൈറ്റുകൾ പിന്നോട്ട്

D:-മുകളിൽ പറഞ്ഞവയെല്ലാം

Correct Answer:- Option-D

Question13:-ഒരു ജലയാനം വെള്ളത്തിൽ എത്ര ഭാഗം മുങ്ങിനിൽക്കുന്നുവോ അതിനെ ____________ എന്നു പറയുന്നു.

A:-ഡ്രാഫ്റ്റ്

B:-ആഴം

C:-ഉയരം

D:-ഡെക്ക്

Correct Answer:- Option-A

Question14:-ജലവാഹനത്തിന്റെ പുറം ചട്ടത്തിനെ ____________ എന്നു പറയുന്നു.

A:-ഹൾ

B:-ഡെക്ക്

C:-ഹാച്ച്

D:-കീൽ

Correct Answer:- Option-A

Question15:-കേരള സംസ്ഥാനത്ത് ഉൾനാടൻ ജലയാനങ്ങളുടെ സർട്ടിഫിക്കേഷനുകൾ നൽകുന്നത് ആരാണ് ?

A:-മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ്

B:-സംസ്ഥാന ജലഗതാഗത വകുപ്പ്

C:-കേരള മാരിടൈം ബോർഡ്

D:-ഇവയൊന്നുമല്ല

Correct Answer:- Option-C

Question16:-കേരളത്തിലെ ആദ്യത്തെ മുഖ്യമന്ത്രി ആരായിരുന്നു ?

A:-E. K. നായനാർ

B:-K. കരുണാകരൻ

C:-EMS. നമ്പൂതിരിപ്പാട്

D:- C. അച്ചുതമേനോൻ

Correct Answer:- Option-C

Question17:-കേരളപ്പിറവി  ദിനം എന്നാണ് ?

A:-ആഗസ്റ്റ്  15

B:-ജനുവരി  1

C:-ജനുവരി  26

D:-നവംബർ 1

Correct Answer:- Option-D

Question18:-കൊച്ചി കപ്പൽശാലയിൽ നിർമ്മിച്ച ആദ്യ വിമാന വാഹിനി കപ്പൽ ഏതാണ് ?

A:-M. V. റാണി പത്മിനി

B:-M. T. മോട്ടിലാൽ നെഹ്റു

C:-I. N. S. വിക്രാന്ത്

D:-INS വിരാട്

Correct Answer:- Option-C

Question19:-ശരീരത്തിൽ അണിഞ്ഞ് ഉപയോഗിക്കുന്ന ജീവൻ രക്ഷാ ഉപകരണം ഏത് ?

A:-ലൈഫ് ബോയ്

B:-ലൈഫ് റാഫ്റ്റ്

C:-ലൈഫ് ജാക്കറ്റ്

D:-മുകളിൽ പറഞ്ഞവയെല്ലാം

Correct Answer:- Option-C

Question20:-‘‘ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത്’’ ഈ വരികൾ രചിച്ചതാരാണ് ?

A:-ശ്രീനാരായണഗുരു

B:-സഹോദരൻ അയ്യപ്പൻ

C:-കുമാരഗുരുദേവൻ

D:-ചട്ടമ്പി സ്വാമികൾ

Correct Answer:- Option-A

Question21:-
ജലയാനത്തിൽ എണ്ണമൂലമുണ്ടാകുന്ന തീയണയ്ക്കുന്നതിന് ഉപയോഗിക്കാവുന്നത് ഏത് ?

A:-വെള്ളം

B:-ഫോം ടൈപ്പ് അഗ്നിശമനി

C:-സോഡാ ആസിഡ് അഗ്നിശമനി

D:-മുകളിൽ പറഞ്ഞവയെല്ലാം

Correct Answer:- Option-B

Question22:-ആരെങ്കിലും ജലയാനത്തിൽ നിന്നും വെള്ളത്തിൽ വീണാൽ ചെയ്യേണ്ടത്

A:-ലൈഫ്ബോയ് ഇട്ട് കൊടുക്കുക

B:-അപകടവിവരം മാസ്റ്ററെ അറിയിക്കുക

C:-പ്രൊപ്പല്ലർ നിറുത്തുക, ബോട്ട് തിരിക്കുകയും ചെയ്യാം

D:-മുകളിൽ പറഞ്ഞവയെല്ലാം

Correct Answer:- Option-D

Question23:-ജലവാഹനത്തിൽ ജോലി ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

A:-സുരക്ഷ ഉറപ്പുവരുത്തുക

B:-ജീവൻ രക്ഷാ ഉപകരണങ്ങൾ, അഗ്നിശമന ഉപകരണങ്ങൾ പ്രവർത്തന ക്ഷമമാണെന്ന് ഉറപ്പ് വരുത്തുക

C:-ജലവാഹനം വൃത്തിയായി സൂക്ഷിക്കുക

D:-മേൽപറഞ്ഞവയെല്ലാം

Correct Answer:- Option-D

Question24:-ജലവാഹനം മറ്റൊന്നിന്റെ ദൃഷ്ടിയിൽ പെടുന്ന സമയത്ത് വലതുഭാഗത്തേയ്ക്ക് ഗതിമാറ്റുകയാണെന്ന് സൂചിപ്പിക്കുന്ന വാണിങ്ങ് സിഗ്നൽ.

A:-ഒരു സെക്കന്റ് ദൈർഘ്യമുള്ള ഒരു ചെറിയ ചൂളംവിളി

B:-രണ്ട് ചെറിയ ചൂളംവിളി

C:-മൂന്ന് ചെറിയ ചൂളംവിളി

D:-മുകളിൽ പറഞ്ഞവയെല്ലാം

Correct Answer:- Option-A

Question25:-ജലയാനത്തിന്റെ എഞ്ചിൻ സ്റ്റാർട്ടാവുന്നില്ല. കാരണം

A:-സ്റ്റാർട്ടിംഗ് മോട്ടോർ പ്രവർത്തിക്കുന്നില്ല

B:-ബാറ്ററിയിൽ ചാർജില്ല

C:-ഇന്ധനം എഞ്ചിനിൽ എത്തുന്നില്ല

D:-മുകളിൽ പറഞ്ഞവയെല്ലാം

Correct Answer:- Option-D

Question26:-ഇന്ത്യയുടെ ഇപ്പോഴത്തെ ഉപരാഷ്ട്രപതിയാര് ?

A:-വെങ്കയ്യ നായിഡു

B:-ഹമീദ് അൻസാരി

C:-ജഗദീപ് ധൻകർ

D:-സി. പി. രാധാകൃഷ്ണൻ

Correct Answer:- Option-D

Question27:-വൈദ്യുതി മൂലമുള്ള തീയണയ്ക്കാൻ ഉപയോഗിക്കുന്നത് ഏത് തരം ഫയർ എസ്റ്റിംഗ്യൂ ഷറാണ് ?

A:-ഫോം ടൈപ്പ്

B:-വാട്ടർ ടൈപ്പ്

C:-DCP (Dry Chemical Powder) ടൈപ്പ്

D:-മുകളിൽ പറഞ്ഞവയെല്ലാം

Correct Answer:- Option-C

Question28:-ഒരു നോട്ടിക്കൽ മൈൽ എത്ര കിലോമീറ്ററാണ് ?

A:-1.852 km

B:-1.0 km

C:-2.5 km

D:-0.4 km

Correct Answer:- Option-A

Question29:-കേരളത്തിലെ മേജർ തുറമുഖം ഏതാണ് ?

A:-തിരുവനന്തപുരം

B:-കൊല്ലം

C:-കൊച്ചി

D:-കോഴിക്കോട്

Correct Answer:- Option-C

Question30:-കേരളത്തിലെ ഏറ്റവും നീളം കൂടിയ നദി

A:-സിന്ധുനദി

B:-പെരിയാർ

C:-വേമ്പനാട് കായൽ

D:-മുകളിൽ പറഞ്ഞവയൊന്നുമല്ല

Correct Answer:- Option-B

Question31:-വാസ്കോഡിഗാമ കേരളത്തിൽ എവിടെയാണ് ആദ്യം എത്തിച്ചേർന്നത് ?

A:-കാപ്പാട് (കോഴിക്കോട് )

B:-ഫോർട്ട്കൊച്ചി

C:-ഗോവ

D:-മേൽപറഞ്ഞവയൊന്നുമല്ല

Correct Answer:- Option-A

Question32:-തീരമേഖലയിൽ സാധാരണയായി ഉദ്ദേശം എത്ര സമയദൈർഘ്യത്തിലാണ് വേലിയേറ്റവും വേലിയിറക്കവും അനുഭവപ്പെടുന്നത് ?

A:-12 മണിക്കൂർ

B:-24 മണിക്കൂർ

C:-6 മണിക്കൂർ

D:-48 മണിക്കൂർ

Correct Answer:- Option-C

Question33:-കേരളത്തിലെ നദികളിൽ കിഴക്കോട്ടൊഴുകുന്നവ ഏത് ?

A:-കബനി, ഭവാനി, പാമ്പാർ

B:-കബനി, കാവേരി, പെരിയാർ

C:-പാമ്പാർ, ചാലിയാർ, പെരിയാർ

D:-കബനി, ഭവാനി, മണിമലയാർ

Correct Answer:- Option-A

Question34:-ഒരു യന്ത്രവൽകൃത ജലയാനം ഓടിക്കൊണ്ടിരിക്കുമ്പോൾ താഴെ പറയുന്നവയിൽ ഏതിനാണ് വഴിമാറികൊടുക്കേണ്ടത് ?

A:-കമാന്റില്ലാത്ത വാഹനത്തിന്

B:-ചലനശേഷി പരിമിതമായ വാഹനത്തിന്

C:-മീൻപിടുത്തത്തിൽ ഏർപ്പെട്ട വാഹനത്തിന്

D:-മുകളിൽ പറഞ്ഞവയെല്ലാം

Correct Answer:- Option-D

Question35:-ജലയാനങ്ങളുടെ സുരക്ഷിത വേഗത തീരുമാനിക്കുന്നതിന് കണക്കിലെടുക്കേണ്ട വസ്തുതകൾ ഏതെല്ലാം ?

A:-മറ്റ ജലയാനങ്ങളുടെ തിരക്ക് ഉൾപ്പടെയുള്ള ട്രാഫിക്ക് സ്ഥിതി

B:-കാണുന്നതിലുള്ള വ്യക്തത

C:-കാറ്റിന്റേയും ഒഴുക്കിന്റേയും സ്ഥിതിയും അപകടസാദ്ധ്യതയും

D:-മുകളിൽ പറഞ്ഞവയെല്ലാം

Correct Answer:- Option-D

Question36:-വാഹനത്തിന്റെ ദിശയറിയാനുപയോഗിക്കുന്ന ഉപകരണം

A:-ബൈനോക്കുലർ

B:-കോമ്പസ്

C:-വി. എച്ച്. എഫ്.

D:-ആങ്കർ

Correct Answer:- Option-B

Question37:-

ജലയാനങ്ങൾ ജട്ടിയിൽ അടുപ്പിക്കുമ്പോൾ ബർത്തിംഗ് റോപ്പ് കരയിലേയ്ക്ക് കൊടുക്കുന്നതിന്

എറിഞ്ഞുകൊടുക്കുന്ന ഭാരം കുറഞ്ഞ റോപ്പ്

A:-ഹീവിംഗ് ലൈൻ

B:-വീഞ്ച്

C:-സ്റ്റീൽ റോപ്പ്

D:-വടം

Correct Answer:- Option-A

Question38:-ജലവാഹനത്തിന്റെ ഇടതുഭാഗത്തെ ____________ എന്നുപറയുന്നു.

A:-സ്റ്റേൺ

B:-സ്റ്റെം

C:-സ്റ്റാർബോഡ് സൈഡ് (Star board)

D:-പോർട്ട് സൈഡ് (Port side)

Correct Answer:- Option-D

Question39:-എല്ലാ ജലവാഹനങ്ങളിലും അത്യാവശ്യം ഉണ്ടാകേണ്ടവ

A:-ലൈഫ് ജാക്കറ്റ്

B:-ലൈഫ് ബോയ്

C:-അഗ്നി ശമനികൾ

D:-മുകളിൽ പറഞ്ഞവയെല്ലാം

Correct Answer:- Option-D

Question40:-
ഒരു ജലവാഹനം മറ്റൊരു വാഹനവുമായി നേർക്കുനേർ
വരുമ്പോൾ പരസ്പരം ________ ഭാഗത്തേയ്ക്ക് വഴി മാറി കൊടുക്കണം.

A:-ഇടത്തേയ്ക്ക്

B:-വലത്തേയ്ക്ക്

C:-പിന്നിലേയ്ക്ക്

D:-ഇവയൊന്നുമല്ല

Correct Answer:- Option-B

Question41:-തീ പിടിക്കാൽ ആവശ്യമായത്

A:-ഓക്സിജൻ

B:-ഇന്ധനം

C:-താപം

D:-മേൽപറഞ്ഞവയെല്ലാം

Correct Answer:- Option-D

Question42:-കേരളത്തിൽ കണ്ടൽകാടുകളുടെ സംരക്ഷണത്തിനായി പ്രവർത്തിച്ച വ്യക്തിയാര് ?

A:-മയിലമ്മ

B:-ദശരഥ് മാഞ്ചി

C:-ദയാഭായി

D:-കല്ലേൽ പൊക്കുടൻ

Correct Answer:- Option-D

Question43:-2022 ൽ പ്രഖ്യാപിച്ച ദേശീയ ചലച്ചിത്ര പുരസ്കാരം നേടിയ പിന്നണി ഗായിക

A:-K. S. ചിത്ര

B:-നഞ്ചിയമ്മ

C:-ഇളഅരുൺ

D:-സാധന സർഗ്ഗം

Correct Answer:- Option-B

Question44:-ആദ്യമായി നോബൽ സമ്മാനം ലഭിച്ച ഏഷ്യക്കാരൻ

A:-C. V. രാമൻ

B:-രവീന്ദ്രനാഥ ടാഗൂർ

C:-സുബ്രഹ്മണ്യ ചന്ദ്രശേഖർ

D:-മഹാത്മാഗാന്ധി

Correct Answer:- Option-B

Question45:-'മിസൈൽ മാൻ ഓഫ് ഇന്ത്യ' എന്നറിയപ്പെടുന്നതാരാണ് ?

A:-Dr. C.V. രാമൻ

B:-നമ്പി നാരായണൻ

C:-Dr. APJ അബ്ദുൾ കലാം

D:-Dr. മാധവൻ നായർ

Correct Answer:- Option-C

Question46:-ഒന്നു മുതൽ 100 വരെ ആകെയെത്ര പ്രാവശ്യം ‘2’ എന്ന അക്കം വരുന്നുണ്ട്.

A:-10

B:-20

C:-30

D:-ഇവയൊന്നുമല്ല

Correct Answer:- Option-B

Question47:-$\frac{1}{1000}$ ന്റെ ദശാംശ സംഖ്യാ രൂപം

A:-0.001

B:-0.01

C:-0.1

D:-0.03

Correct Answer:- Option-A

Question48:-90 ന്റെ 50% എത്ര ?

A:-180

B:-45

C:-135

D:-40

Correct Answer:- Option-B

Question49:-$\frac{1}{10}+\frac{2}{10}=?$

A:-$\frac{3}{100}$

B:-$\frac{3}{10}$

C:-$\frac{3}{20}$

D:-$\frac{2}{100}$

Correct Answer:- Option-B

Question50:-$\frac{1}{2}+\frac{1}{4}=?$

A:-$\frac{1}{8}$

B:-$\frac{2}{4}$

C:-$\frac{3}{4}$

D:-$\frac{2}{8}$

Correct Answer:- Option-C

Question51:-90 ന്റെ $\frac{1}{6}$ ഭാഗം

A:-25

B:-$B_5$

C:-15

D:-20

Correct Answer:- Option-C

Question52:-0.123 യുടെ ഭിന്നസംഖ്യാരൂപം

A:- $\frac{123}{10}$

B:- $\frac{123}{100}$

C:- $\frac{123}{10000}$

D:- $\frac{123}{1000}$

Correct Answer:- Option-D

Question53:-വൃത്തത്തിന്റെ കേന്ദ്രം ഒരു ______________ ആണ്.

A:-രേഖ

B:-ബിന്ദു

C:-രശ്മി

D:-രേഖാഖണ്ഡം

Correct Answer:- Option-B

Question54:-ഒരു ക്യൂബിന്റെ വക്കുകളുടെ എണ്ണം

A:-10

B:-8

C:-4

D:-12

Correct Answer:- Option-D

Question55:-140 സെ.മീ ചുറ്റളവുള്ള ഒരു ചതുരത്തിന്റെ നീളം 40 സെ.മീ. ആയാൽ വീതിയെത്ര ?

A:-40 സെ.മീ.

B:-20 സെ.മീ.

C:-60 സെ.മീ.

D:-30 സെ.മീ.

Correct Answer:- Option-D

Question56:-ഒരു സമചതുരത്തിന്റെ ഒരു വശം 10 സെ.മീ. ആയാൽ വിസ്തീർണ്ണം

A:-100 ച. മീ.

B:-100 ച. മി. മീ.

C:-100 ച. സെ. മീ.

D:-1000 ച. സെ. മീ.

Correct Answer:- Option-C

Question57:-മട്ടകോണിന്റെ അളവ്

A:-180°

B:-45°

C:-90°

D:-മുകളിൽ പറഞ്ഞതൊന്നുമല്ല

Correct Answer:- Option-C

Question58:-ഒരു മട്ട ത്രീകോണത്തിന്റെ പാദം 3 സെ. മീറ്ററും ലംബം 4 സെ. മീറ്ററുമായാൽ കർണ്ണമെത്ര ?

A:-4.5 സെ.മീ.

B:-5 സെ.മീ.

C:-4 സെ.മീ.

D:-6 സെ.മീ.

Correct Answer:- Option-B

Question59:-ഇന്ത്യൻ കറൻസി നോട്ടിൽ ആരുടെ ഒപ്പാണുള്ളത് ?

A:-രാഷ്ട്രപതി

B:-പ്രധാനമന്ത്രി

C:-ധനമന്ത്രി

D:-റിസർവ് ബാങ്ക് ഗവർണർ

Correct Answer:- Option-D

Question60:-ഒരു സമചതുരത്തിന്റെ കോണുകളുടെ അളവുകളുടെ തുക.

A:-360

B:-90

C:-180

D:-270

Correct Answer:- Option-A

Question61:-മാഗ്നസ്കാൾസൻ എന്ന ലോക ചെസ് ചാമ്പ്യനെ കളിയിൽ പരാജയപ്പെടുത്തിയ ഇന്ത്യക്കാരനായ യുവാവ്

A:-വിശ്വനാഥൻ ആനന്ദ്

B:-പി. വി. സിന്ധു

C:-ആർ. പ്രഗ്നാനന്ദ

D:-ഇവരാരുമല്ല

Correct Answer:-Question Cancelled

Question62:-ഉൾനാടൻ ജലവാഹനങ്ങൾ പാലിക്കേണ്ട നിയമം

A:-ഇൻലാന്റ് വെസ്സൽ ആക്റ്റ്

B:-മർച്ചന്റ് ഷിപ്പിങ്ങ് ആക്റ്റ്

C:-ഹാർബർ ക്രാഫ്റ്റ് റൂൾസ്

D:-ഇവയൊന്നുമല്ല

Correct Answer:- Option-A

Question63:-ജലവാഹനം തിരിക്കുന്നതിനുപയോഗിക്കുന്ന ചുക്കാൻ ഏതുഭാഗത്താണ് പിടിപ്പിച്ചിരിക്കുന്നത് ?

A:-അണിയത്ത്

B:-അമരത്ത്

C:-ഇടതുവശത്ത്

D:-വലതുവശത്ത്

Correct Answer:- Option-B

Question64:-ജലവാഹനം ഇടത് വശത്തേയ്ക്ക് തിരിയുമ്പോൾ നൽകുന്ന സൗണ്ട് സിഗ്നൽ (ശബ്ദ അടയാളം)

A:-ചെറിയ ഒരു ചൂളംവിളി

B:-ചെറിയ രണ്ട് ചൂളംവിളി

C:-ചെറിയ മൂന്ന് ചൂളംവിളി

D:-ചെറിയ നാല് ചൂളംവിളി

Correct Answer:- Option-B

Question65:-ജലയാനത്തിന്റെ നിയന്ത്രണം നടത്തുന്നത് എവിടെ നിന്നാണ് ?

A:-ഫണൽ

B:-ആങ്കർ (നങ്കൂരം)

C:-വീൽഹൗസ് (ബ്രിഡ്ജ്)

D:-കൊടിമരം (മാസ്റ്റ്)

Correct Answer:- Option-C

Question66:-ജലവാഹനങ്ങൾ മറ്റ് വാഹനത്തിലോ ജട്ടിയിലോ ഇടിച്ച് കേടുപാടുകൾ സംഭവിക്കാതിരിക്കാൻ വശങ്ങളിൽ ഉപയോഗിക്കുന്ന കുഷ്യൻ സ്വഭാവമുള്ള ഉപകരണം.

A:-വിഞ്ച്

B:-ഫെൻഡർ

C:-ബൊല്ലാർഡ്

D:-ഇവയൊന്നുമല്ല

Correct Answer:- Option-B

Question67:-കേരള സംസ്ഥാനത്ത് ആകെ ജില്ലകളുടെ എണ്ണം

A:-11

B:-15

C:-14

D:-ഇവയൊന്നുമല്ല

Correct Answer:- Option-C

Question68:-പി. ആർ. ശ്രീജേഷ് ഏത് ദേശീയ കായികതാരമാണ്

A:-ക്രിക്കറ്റ്

B:-ഫുട്ബോൾ

C:-വോളിബോൾ

D:-ഹോക്കി

Correct Answer:- Option-D

Question69:-കേരളത്തിലെ ഏത് തുറമുഖത്തിന്റെ നിർമാണ ചുമതലയാണ് അദാനി ഗ്രൂപ്പിന് കൈമാറിയിട്ടുള്ളത്.

A:-ആലപ്പുഴ

B:-വിഴിഞ്ഞം

C:-ബേപ്പൂർ

D:-കൊല്ലം

Correct Answer:- Option-B

Question70:-ദൂരെയുള്ള വസ്തുക്കളെ കാണാനുപയോഗിക്കുന്നത്

A:-കോമ്പസ്

B:-ബൈനോക്കുലർ

C:-വി. എച്ച്. എഫ്.

D:-നങ്കൂരം

Correct Answer:- Option-B

Question71:-ഒരു ജലയാനത്തിലെ മാസ്റ്ററോ, ജീവനക്കാരനോ ഉടൻ വിവരം പോലീസിലോ മറ്റു ഉത്തരവാദിത്തമുള്ള ഉദ്യോഗസ്ഥരെയോ അറിയിക്കേണ്ട സന്ദർഭം ഏത് ?

A:-മറ്റൊരു വാഹനം അപകടത്തിൽ പെടുന്നത് കണ്ടാൽ

B:-ജലയാനത്തിലുള്ള ആൾക്ക് മരണമോ, പരിക്കോ സംഭവിച്ചാൽ

C:-തീപിടിച്ചാൽ

D:-ഇവയെല്ലാം

Correct Answer:- Option-D

Question72:-25 ൽ കൂടുതൽ യാത്രക്കാർക്ക് കയറാവുന്ന ജലവാഹനം ഒരു _____________ ന്റെ മേൽനോട്ടത്തിലും ചുമതലയിലും ആയിരിക്കണം.

A:-മാസ്റ്റർ

B:-എഞ്ചിനീയർ

C:-ഡ്രൈവർ

D:-ലസ്കർ

Correct Answer:- Option-A

Question73:-നീളം കൂടിയ റോപ്പിന്റെ നീളം കുറയ്ക്കുന്നതിന് ഉപയോഗിക്കുന്ന ഹിച്ച് ഏതാണ് ?

A:-ക്ലോവ് ഹിച്ച്

B:-റ്റിംബർ ഹിച്ച്

C:-ഷിപ്പ്ഷാങ്ക് ഹിച്ച്

D:-മാർലൈൻ സ്ളെഡ് ഹിച്ച്

Correct Answer:- Option-C

Question74:-കാലാവസ്ഥ മൂലമുണ്ടാകുന്ന കാഴ്ച പരിമിതിയുള്ള സമയങ്ങളിൽ മുന്നോട്ടുള്ള പാതയിൽ മറ്റ് ജലയാനങ്ങളുണ്ടോ എന്നറിയാൻ ഉപയോഗിക്കുന്ന ഉപകരണം

A:-വി. എച്ച്. എഫ്

B:-എ. ഐ. എസ്.

C:-ജി. പി. എസ്.

D:-റഡാർ

Correct Answer:- Option-D

Question75:-വാഹനത്തിന്റെ ഡ്രാഫ്റ്റ് കൂടുമ്പോൾ ഫ്രീബോഡ് ______________

A:-കുറയുന്നു

B:-കൂടുന്നു

C:-മാറ്റമില്ലാതെ തുടരുന്നു

D:-ഇവയൊന്നുമല്ല

Correct Answer:- Option-A

Question76:-കേരളത്തിലെ ഏറ്റവും വലിയ മത്സ്യബന്ധന കേന്ദ്രം.

A:-നീണ്ടകര

B:-കൊച്ചി

C:-മുനമ്പം

D:-ബേപ്പൂർ

Correct Answer:- Option-A

Question77:-$\frac{4}{3}$ ന് തുല്യമായത് ഏത് ?

A:-$4\frac{1}{3}$

B:- $1\frac{1}{3}$

C:- $3\frac{1}{3}$

D:- $1\frac{1}{4}$

Correct Answer:- Option-B

Question78:- $\frac{1}{2}$ ന് തുല്യമായത് ഏത് ?

A:- $\frac{50}{100}$

B:- $\frac{25}{45}$

C:- $\frac{7}{70}$

D:- $\frac{8}{4}$

Correct Answer:- Option-A

Question79:-ഇന്ത്യയിൽ രാഷ്ട്രപതി സ്ഥാനത്തേയ്ക്ക് മത്സരിക്കുന്നതിനുള്ള ചുരുങ്ങിയ പ്രായം.

A:-35

B:-25

C:-18

D:-21

Correct Answer:- Option-A

Question80:-ദേശീയ പതാകയിലെ അശോക ചക്രത്തിൽ എത്ര ആരക്കാലുകളുണ്ട് ?

A:-12

B:-8

C:-24

D:-20

Correct Answer:- Option-C

Question81:-ഒരേ സൈസിലുള്ള കയറുകൾ തമ്മിൽ കൂട്ടിക്കെട്ടുന്നതിന് _________ ഉപയോഗിക്കുന്നു.

A:-ഓവർ ഹാൻഡ് നോട്ട്

B:-ഫിഗർ ഓഫ് എയ്റ്റ് നോട്ട്

C:-റീഫ് നോട്ട്

D:-ക്ലോവ് ഹിറ്റ്ച്ച്

Correct Answer:- Option-C

Question82:-മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന യാനങ്ങൾ പ്രദർശിപ്പിക്കേണ്ട ലൈറ്റുകൾ.

A:-മുകളിൽ ചുവപ്പും താഴെ വെള്ളപ്രകാശവുമുള്ള ഓൾ റൗണ്ട് ലൈറ്റുകൾ

B:-രണ്ട് ചുവന്ന പ്രകാശമുള്ള ഓൾറൗണ്ട് ലൈറ്റുകൾ

C:-രണ്ട് മഞ്ഞപ്രകാശമുള്ള ഓൾറൗണ്ട് ലൈറ്റുകൾ

D:-മുകളിൽ പറഞ്ഞവയൊന്നുമല്ല

Correct Answer:- Option-A

Question83:-ആഴം അളക്കുന്നതിന് ജലവാഹനങ്ങളിൽ ഉപയോഗിക്കുന്ന ഉപകരണം

A:-എക്കോസൗണ്ടർ

B:-വി. എച്ച്. എഫ്.

C:-ബൈനോക്കുലർ

D:-നങ്കൂരം (ആങ്കർ)

Correct Answer:- Option-A

Question84:-സഞ്ചാരികൾക്കായി ഉപയോഗിക്കുന്ന ജലയാനങ്ങളും ബോട്ടുകളും ഏത് ക്ലാസിൽ/തരത്തിൽപ്പെടുന്നു ?

A:-ക്ലാസ് 1

B:-ക്ലാസ് 2

C:-ക്ലാസ് 3

D:-ക്ലാസ് 4

Correct Answer:-Question Cancelled

Question85:-താഴെ പറയുന്നവയിൽ ഒട്ടും കടൽതീരമില്ലാത്ത ജില്ല.

A:-കണ്ണൂർ

B:-പാലക്കാട്

C:-മലപ്പുറം

D:-കൊല്ലം

Correct Answer:- Option-B

Question86:-
കടലിൽ നിന്നും അഴിമുഖത്തേയ്ക്ക് പ്രവേശിക്കുമ്പോൾ ഇരുവശത്തും കോണാകൃതിയിലും വീപ്പ ആകൃതിയിലും ആഴം കൂടിയ ചാലുകൾ തിരിച്ചറിയാൻ വിന്യസിച്ചിരിക്കുന്ന ബോയകളിൽ ഇടത് വശത്ത് കാണുന്ന വീപ്പ ബോയകളുടെ നിറം ഏതാണ് ?

A:-പച്ച

B:-ചുവപ്പ്

C:-മഞ്ഞ

D:-വെളുപ്പ്

Correct Answer:- Option-B

Question87:-ട്രോളിങ്ങ് വലയോ അതുപോലുള്ള മറ്റുപകരണങ്ങളോ നിലത്തുകൂടി വലിച്ച് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന ജലവാഹനം ചട്ടങ്ങൾ അനുസരിക്കുന്ന മറ്റ്

വിളക്കുകൾ കൂടാതെ ചുറ്റും കാണുന്ന ലംബമായ രണ്ട് വിളക്കുകൾ കൂടി അധികമല്ലാതെ പ്രദർശിപ്പിക്കുന്നു. ഇവ താഴെപറയുന്നവയിൽ ഏതാണ് ?

A:-പച്ചയും വെളുപ്പും

B:-രണ്ട് ചുവപ്പ്

C:-രണ്ട് പച്ച

D:-ചുവപ്പും വെള്ളയും

Correct Answer:- Option-A

Question88:-മറവുള്ള ഒരു വളവിൽ മറ്റ് ജലവാഹനത്തെ ഓർമ്മിപ്പിക്കാൻ എത്ര നീണ്ട ചൂളംവിളി നൽകണം ?

A:-ഒരു നീണ്ട ചൂളംവിളി

B:-രണ്ട് നീണ്ട ചൂളംവിളി

C:-മൂന്ന് നീണ്ട ചൂളംവിളി

D:-നാല് ചൂളംവിളി

Correct Answer:- Option-A

Question89:-ഒരു ജലവാഹനം മറ്റൊരു ജലവാഹനത്തെ കടന്ന് പോകുന്നതിന് ആഗ്രഹം പ്രകടിപ്പിക്കുന്നതിന് ജലവാഹന ത്തിന്റെ ഇടതുവശത്തു കൂടിയാണെങ്കിൽ വലുതും ചെറുതുമായി എത്ര ചൂളം വിളിക്കേണ്ടത് ?

A:-1 + 1

B:-4 + 4

C:-2 + 2

D:-3 + 3

Correct Answer:- Option-C

Question90:-ചലനശേഷി പരിമിതമായ ഒരു ജലയാനം പ്രദർശിപ്പിക്കേണ്ട ലൈറ്റുകൾ

A:-രണ്ട് ചുവപ്പ് ലൈറ്റുകൾ കുത്തനെ നിൽക്കുന്ന രീതിയിൽ

B:-
ഏറ്റവും മുകളിലും താഴെയുമുള്ളവ ചുവപ്പും മദ്ധ്യത്തിൽ വെളുത്തതുമായ
ഓൾ റൗണ്ട് ലൈറ്റുകൾ കുത്തനെ നിൽക്കുന്ന രീതിയിൽ

C:-രണ്ട് വെള്ള ലൈറ്റുകൾ കുത്തനെ നിൽക്കുന്ന രീതിയിൽ

D:-ഇവയൊന്നുമല്ല

Correct Answer:- Option-B

Question91:-ജലവാഹനത്തിന്റെ എഞ്ചിൻ സ്റ്റാർട്ട് ചെയ്യുന്നതിന് മുമ്പ് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

A:-എഞ്ചിൻ ഓയിലിന്റെ അളവും നിറവും പരിശോധിക്കുക

B:-റേഡിയേറ്ററിലെ വെള്ളം പരിശോധിക്കുക

C:-ഗിയർ എൻഗേജ് ആണോയെന്ന് പരിശോധിക്കുക

D:-മുകളിൽ പറഞ്ഞവയെല്ലാം

Correct Answer:- Option-D

Question92:-കേരളത്തിലെ ഏറ്റവും വലിയ കായൽ

A:-അഷ്ടമുടിക്കായൽ

B:-ശാസ്താംകോട്ടക്കായൽ

C:-വേമ്പനാട് കായൽ

D:-പമ്പയാർ

Correct Answer:- Option-C

Question93:-മുസരിസ് എന്ന പേരിൽ അറിയപ്പെട്ടിരുന്ന തുറമുഖ പട്ടണം

A:-വിഴിഞ്ഞം

B:-പുറക്കാട്

C:-തങ്കശ്ശേരി

D:-കൊടുങ്ങല്ലൂർ

Correct Answer:- Option-D

Question94:-കേരളത്തിന്റെ സമുദ്രാതിർത്തി എത്ര നോട്ടിക്കൽ മൈൽ വരെയാണ് ?

A:-24

B:-50

C:-12

D:-200

Correct Answer:- Option-C

Question95:-ജലയാനങ്ങൾക്ക് തമ്മിലും കരയുമായും ആശയവിനിമയം നടത്തുന്നതിന് സാധാരണ ഉപയോഗിക്കുന്ന വാർത്താവിനിമയ ഉപകരണം

A:-എക്കോസൗണ്ട്

B:-റഡാർ

C:-വി.എച്ച്.എഫ്. (VHF)

D:-ജി.പി.എസ്. (GPS)

Correct Answer:- Option-C

Question96:-നങ്കൂരമിട്ടിരിക്കുന്ന 20 മീറ്ററിൽ കൂടുതൽ നീളമുള്ള ജലയാനങ്ങൾ പ്രദർശിപ്പിക്കേണ്ട സിഗ്നൽ.

A:-പച്ചയും ചുവപ്പും നിറമുള്ള ലൈറ്റ്

B:-
അണിയം ഭാഗത്ത് വെളുത്ത ഓൾ റൗണ്ട് ലൈറ്റും പകൽ സമയത്ത് ഒരു കറുത്ത ബോളും

C:-മഞ്ഞ ലൈറ്റും കറുത്ത ബോളും

D:-ഇവയെല്ലാം

Correct Answer:- Option-B

Question97:-ജലവാഹനം കടലിൽ/വെള്ളത്തിൽ ഉറപ്പിച്ച് നിറുത്താൻ ഉപയോഗിക്കുന്നത്

A:-ഡറിക്ക്

B:-വിഞ്ച്

C:-നങ്കൂർ

D:-ഹൾ

Correct Answer:- Option-C

Question98:-ഒരു ജലവാഹനം വലത്തോട്ട് തിരിയുമ്പോൾ നൽകേണ്ട സൗണ്ട് സിഗ്നൽ

A:-ഒരു ചെറിയ ചൂളംവിളി

B:-രണ്ട്  ചെറിയ ചൂളംവിളി

C:-മൂന്ന് ചെറിയ ചൂളംവിളി

D:-ഇവയൊന്നുമല്ല

Correct Answer:- Option-A

Question99:-ജലവാഹനം പിന്നോട്ട് (അസ്റ്റേൺ)  നീങ്ങുന്നതിന് നൽകേണ്ട സൗണ്ട് സിഗ്നൽ.

A:-രണ്ട് ചെറിയ ചൂളംവിളി

B:-മൂന്ന് ചെറിയ ചൂളംവിളി

C:-അഞ്ച് ചെറിയ ചൂളംവിളി

D:-നാല് ചെറിയ ചൂളംവിളി

Correct Answer:- Option-B

Question100:-പായ്ക്കപ്പൽ നിർമ്മാണം നടത്തുന്ന കേരളത്തിലെ തുറമുഖം ഏതാണ് ?

A:-കൊല്ലം

B:-കൊച്ചി

C:-ബേപ്പൂർ

D:-മലപ്പുറം

Correct Answer:- Option-C